# പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.320** **28/10/2019- ൽ മറുപടിയ്ക്ക്**

## സർക്കാർ പൊതുസ്ഥാപനങ്ങളിലെ ശുചീകരണം

**ചോദ്യം**
**ശ്രീ. വി.അബ്ദുറഹിമാൻ**

**ഉത്തരം**
**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനം മാതൃകാപരമായ ശുചിത്വ പ്രവർത്തനങ്ങളുമായി മുന്നേറുമ്പോൾ വിവിധ ഡയറക്ടറേറ്റുകൾ ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ വിലപിടിപ്പുള്ള പഴയ ഫർണിച്ചർ ഉൾപ്പെടെയുള്ള നിരവധി വസ്തുക്കൾ കൂട്ടിയിട്ട്,വിഷപാമ്പ്, എലി, പഴുതാര, പാറ്റ തുടങ്ങിയ ജീവികൾ കയറിക്കൂടി അപകടകരമായ സ്ഥിതിവിശേഷം ആരോഗ്യ രംഗത്ത് സൃഷ്ടിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലെ ഉപയോഗ ശൂന്യമായ സാധനങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ പരസ്യലേലം വിൽപ്പന നടത്തി ഒഴിവാക്കാറുണ്ട്. |
| (ബി) | മേൽ സൂചിപ്പിച്ച അവസ്ഥയിലുള്ള സർക്കാർ പൊതുസ്ഥാപനങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ ശുചീകരിച്ച് മെച്ചപ്പെട്ട ആരോഗ്യാവസ്ഥ ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | സർക്കാർ തലത്തിൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ കൂടുകയും, പ്രസ്തുത യോഗത്തിൽ അതാത് വകുപ്പിന്റെ കീഴിലെ സ്ഥാപനങ്ങളും പരിസരവും ശുചിയായി വയ്ക്കുന്നതിന് തീരുമാനങ്ങൾ എടുക്കാറുമുണ്ട്. |
| (സി) | സർക്കാർ സ്ഥാപനങ്ങളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതു സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് ഉചിതമായ മാർഗ്ഗ നിർദ്ദേശം നൽകുമോ; വിശദമാക്കാമോ? | (സി) | സർക്കാർ സ്ഥാപനങ്ങളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ വകുപ്പുകളിൽ മഴക്കാലത്തിനുമുൻപ് ഡ്രൈഡേ ആചരിച്ച് ഓഫീസും പരിസരങ്ങളും വൃത്തിയാക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ